<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 538</u> <u>30-01-2024 - ൽ മറുപടിയ്ക്ക്</u>

<u>മൊകേരി ഗവ. കോളേജിലെ കിഫ്ബി പ്രവൃത്തികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ മൊകേരി ഗവ. കോളേജിൽ കിഫ്ബി മുഖേന നടത്തുന്ന ലേഡീസ് ഹോസ്റ്റൽ നിർമ്മാണം മൂന്നുവർഷമായി നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | 27-03-2018-ലെ സ.ഉ (സാധാ) നം.603/2018/ ഉ.വി.വ, 19-06-2019-ലെ സ.ഉ (സാധാ) നം.173/2019/ഉ.വി.വ, 30-08-2019-ലെ സ.ഉ (സാധാ) നം.304/2019/ഉ.വി.വ എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, മൊകേരി ഗവ.കോളേജിൽ ലൈബ്രറി ബ്ലോക്കും ലേഡീസ് ഹോസ്റ്റലും പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി) ആയ കിറ്റ്കോ മുഖേന നിർമ്മിക്കുന്നതിന് 09-03-2021-ലെ HED007-19/PE-6-PAD/2021/KIIFB നമ്പർ ഉത്തരവ് പ്രകാരം ആകെ 7.699 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. ടി പ്രവൃത്തികളിൽ ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.<br>എന്നാൽ, ലേഡീസ് ഹോസ്റ്റലിന്റെ ഫൌണ്ടേഷനുമായി ബന്ധപ്പെട്ട ചില വ്യക്തതകൾ എസ്.പി.വി-യിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. ടി ഹോസ്റ്റൽ പണിയുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്ത് എസ്.പി.വി സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ട്. എന്നാൽ, ടി സ്ഥലത്തേക്കുള്ള വഴിയ്ക്ക് ചട്ടപ്രകാരമുള്ള വീതിയില്ലാത്തതിനാൽ, Fire NOC ലഭ്യമാകുവാൻ നിലവിൽ തടസ്സങ്ങളുണ്ട്. ആയതിനാൽ, ഇതുമായി ബന്ധപ്പെട്ട എല്ലാ സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസും ലഭ്യമായാൽ മാത്രമേ ടി പദ്ധതിയുമായി മുന്നോട്ട് പോകുവാൻ എസ്.പി.വി-യ്ക്ക് സാധിക്കുകയുള്ളൂ. വഴി വീതി കൂട്ടുന്നതിലേക്കായി കോളേജ് അധികൃതർ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. ടി നടപടികൾ പൂർത്തിയാക്കി ആവശ്യമായ രേഖകൾ കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക്, അവ പരിശോധിച്ച് തൃപ്തികരമാകുന്ന പക്ഷം അംഗീകാരം നൽകാവുന്നതും പദ്ധതി ആരംഭിച്ച് യഥാസമയം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എസ്.പി.വി-യ്ക്ക് സ്വീകരിക്കാവുന്നതുമാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | 27-03-2018-ലെ സ.ഉ (സാധാ) നം.603/2018/ ഉ.വി.വ, 19-06-2019-ലെ സ.ഉ (സാധാ) നം.173/2019/ഉ.വി.വ, 30-08-2019-ലെ സ.ഉ (സാധാ) നം.304/2019/ഉ.വി.വ എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, മൊകേരി ഗവ.കോളേജിൽ ലൈബ്രറി ബ്ലോക്കും ലേഡീസ് ഹോസ്റ്റലും പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി) ആയ കിറ്റ്കോ മുഖേന നിർമ്മിക്കുന്നതിന് 09-03-2021-ലെ HED007-19/PE-6-PAD/2021/KIIFB നമ്പർ ഉത്തരവു പ്രകാരം ആകെ 7.699 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. ടി പ്രവൃത്തികളിൽ ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.<br>എന്നാൽ, ലേഡീസ് ഹോസ്റ്റലിന്റെ ഫൌണ്ടേഷനുമായി ബന്ധപ്പെട്ട ചില വ്യക്തതകൾ എസ്.പി.വി-യിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. ടി ഹോസ്റ്റൽ പണിയുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്ത് എസ്.പി.വി സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ട്. എന്നാൽ, ടി സ്ഥലത്തേക്കുള്ള വഴിയ്ക്ക് ചട്ടപ്രകാരമുള്ള വീതിയില്ലാത്തതിനാൽ, Fire NOC ലഭ്യമാകുവാൻ നിലവിൽ തടസ്സങ്ങളുണ്ട്. ആയതിനാൽ, ഇതുമായി ബന്ധപ്പെട്ട എല്ലാ സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസും ലഭ്യമായാൽ മാത്രമേ ടി പദ്ധതിയുമായി മുന്നോട്ടു പോകുവാൻ എസ്.പി.വി-യ്ക്ക് സാധിക്കുകയുള്ളൂ. വഴി വീതി കൂട്ടുന്നതിലേക്കായി കോളേജ് അധികൃതർ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. ടി നടപടികൾ പൂർത്തിയാക്കി ആവശ്യമായ രേഖകൾ കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക്, അവ പരിശോധിച്ച് തൃപ്തികരമാകുന്ന പക്ഷം അംഗീകാരം നൽകാവുന്നതും പദ്ധതി ആരംഭിച്ച് യഥാസമയം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എസ്.പി.വി-യ്ക്ക് സ്വീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ